I ഇ.ബി. XV -  കേരള നിയമസഭ/XII-4

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നിയമസഭാ നടപടികൾ - സംഗ്രഹം

2024 ഒക്ടോബർ 9, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക്  ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്

മി. സ്പീക്കർ: തൃശ്ശൂർ പൂരം അലങ്കോലപ്പെട്ട സംഭവത്തിൽ ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കേണ്ട സാഹചര്യം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി. കെ. ബഷീർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മാധ്യമ പിന്തുണയോടെ നടത്തുന്ന തെറ്റായ പ്രചാരണങ്ങളെ സഭയിൽ ഉയർത്തിക്കൊണ്ടുവരാനും പൊതുമണ്ഡലത്തിൽ രാഷ്ട്രീയമായ പുകമറ സൃഷ്ടിക്കുന്നതിനുമാണ് കഴിഞ്ഞ രണ്ട് ദിവസങ്ങളിലെ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപങ്ങളിൽ പറഞ്ഞകാര്യങ്ങൾ തന്നെ നോട്ടീസായി വീണ്ടും പ്രതിപക്ഷം കൊണ്ടുവന്നിട്ടുള്ളത്. പ്രഥമദൃഷ്ട്യാ തള്ളിക്കളയേണ്ട നോട്ടീസാണെങ്കിലും ഇക്കാര്യത്തിലുള്ള പ്രതിപക്ഷത്തിന്റെ രാഷ്ട്രീയ ഗൂഢോദ്ദേശ്യം തുറന്നുകാണിക്കുന്നതിന് ഉപക്ഷേപം ചർച്ച ചെയ്യാൻ തയ്യാറാണ്.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ചയ്ക്കെടുക്കാൻ തീരുമാനിച്ചു.)

**II ശ്രദ്ധ ക്ഷണിക്കൽ**

(1) മുൻഗണനാ റേഷൻ കാർഡുകളുടെ മസ്റ്ററിംഗിനുള്ള സമയപരിധി

ശ്രീ. ഇ. കെ. വിജയൻ: ഇ-പോസ് മെഷീൻ മുഖേനയുള്ള ഇ-കെ.വൈ.സി അപ്ഡേഷന്റെ സമയപരിധി അവസാനിച്ചിട്ടും 20 ശതമാനംപോലും പൂർത്തിയായിട്ടില്ല. വീടുകളിലെത്തി മസ്റ്ററിംഗ്

നടത്തേണ്ടവരുടെയും ആധാർ നമ്പർ പരസ്പരം മാറിപ്പോയതും എ.ഇ.പി.ഡി.എസ് പോർട്ടൽ നിരസിച്ച കേസുകളിലും പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ ജനങ്ങളുടെ ഭക്ഷ്യ ഭദ്രതയുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കുന്നതിനും മുൻഗണനാ കാർഡ് വിഭാഗത്തിന്റെ ഇ-കെ.വൈ.സി. മസ്റ്ററിംഗ് പൂർത്തിയാകുമ്പോഴുണ്ടാകുന്ന ഒഴിവിൽ അർഹരായവരെ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): കേന്ദ്ര നിർദേശത്തിന്റെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തെ മുൻഗണനാ വിഭാഗത്തിൽപ്പെട്ട എ.എ.വൈ (മഞ്ഞ), പി.എച്ച്.എച്ച്. (പിങ്ക്) റേഷൻ കാർഡുടമകൾക്ക് ഇ-കെ.വൈ.സി. മസ്റ്ററിംഗ് ആരംഭിച്ചത്. മസ്റ്ററിംഗിന്റെ പ്രാരംഭ ഘട്ടത്തിൽ നേരിട്ട തടസ്സങ്ങൾ പരിഹരിക്കാനായി റേഷൻ കടകളിൽ സ്ഥാപിച്ചിട്ടുള്ള ഇ-പോസ് മെഷീൻ മുഖേന 2024 സെപ്റ്റംബർ 18-ന് ആരംഭിച്ച് ഒക്ടോബർ 8-ന് അവസാനിക്കുന്ന വിധത്തിൽ ഷെഡ്യൂൾ തയ്യാറാക്കിയെങ്കിലും 79.79 ശതമാനം അപ്ഡേഷൻ മാത്രമാണ് പൂർത്തിയാക്കാൻ സാധിച്ചത്. മഞ്ഞ കാർഡ് അംഗങ്ങളിൽ 81.13 ശതമാനവും പിങ്ക് കാർഡ് അംഗങ്ങളിൽ 79.59 ശതമാനവും മസ്റ്ററിംഗ് പൂർത്തിയാക്കിയിട്ടുണ്ട്. വീടുകളിലെത്തി മസ്റ്ററിംഗ് നടത്തേണ്ടതും ആധാർ

നമ്പർ പരസ്പരം മാറിപ്പോയതും എ.ഇ.പി.ഡി.എസ് പോർട്ടൽ നിരസിച്ച കേസുകളിലുമുൾപ്പെടെ മുൻഗണനാ കാർഡിലെ മുഴുവൻ പേർക്കും മസ്റ്ററിംഗ് പൂർത്തിയാക്കുന്നതിനുള്ള ക്രമീകരണം സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. മുൻഗണനാ വിഭാഗത്തിലുള്ളവരുടെ അപ്ഡേഷൻ പൂർത്തിയാക്കുന്നതിനായി ഒക്ടോബർ 25 വരെ സമയം ദീർഘിപ്പിച്ചിട്ടുള്ളതു കൂടാതെ മുൻഗണനാ പട്ടികയിലുള്ള മുഴുവൻ അംഗങ്ങളുടെയും മസ്റ്ററിംഗ് നടപടികൾ പൂർത്തിയാക്കുന്നതിന് രണ്ട് മാസത്തെ സമയം ദീർഘിപ്പിച്ച് നൽകണമെന്ന് ആവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് കത്ത് നൽകുന്നതുമാണ്. മസ്റ്ററിംഗ് പൂർത്തിയായതിനുശേഷം വരുന്ന ഒഴിവുകളിലേക്ക് അർഹരായവരെ കണ്ടെത്തി മുൻഗണനാ പട്ടികയിലുൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

## (2) നാലുവർഷ ഡിഗ്രികോഴ്സ് നടപ്പാക്കിയതുമൂലം ഉന്നതവിദ്യാഭ്യാസ മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: സംസ്ഥാനത്തെ ഉന്നതവിദ്യാഭ്യാസ രംഗത്ത് സമൂലമാറ്റങ്ങൾക്ക് സാധ്യമാകുന്ന തരത്തിലാണ് നാല് വർഷ ഡിഗ്രി കോഴ്സുകൾ ആരംഭിച്ചത്. എന്നാൽ പ്രസ്തുത കോഴ്സിലേക്ക് സിലബസ് പരിഷ്കരിക്കുകയോ അധ്യാപകർക്ക് വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയോ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട പോരായ്മകൾ

പരിഹരിക്കുകയോ ചെയ്തിട്ടില്ല. സ്കിൽ ഇന്റഗ്രേഷൻ സെന്റർ ആരംഭിക്കാൻ സൗകര്യമുള്ള സ്ഥാപനങ്ങളുമായി കോളേജുകൾക്ക് എം.ഒ.യു. ഒപ്പിടാൻ സർവകലാശാലകൾക്കും അഫിലിയേറ്റഡ് സ്ഥാപനങ്ങൾക്കും സർക്കാർ അധികാരം നൽകുന്നതിന് സർവകലാശാലാ സ്റ്റാറ്റ്യൂട്ടുകളിൽ ഭേദഗതി വരുത്താനാവശ്യമായ നടപടി സ്വീകരിക്കണം.

ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു): കേരളത്തിലെ സർവകലാശാല/കോളേജ് തലങ്ങളിൽ നടത്തിയ മുന്നൊരുക്കങ്ങൾക്കും സംസ്ഥാന സർക്കാർ നിയോഗിച്ച വിദഗ്ധ സമിതികളുടെ നിർദേശങ്ങൾക്കും അനുസൃതമായാണ് നാലുവർഷ ബിരുദകോഴ്സ് ആരംഭിച്ചത്. ഓരോ കോഴ്സിലൂടെയും പ്രോഗ്രാമിലൂടെയും വിദ്യാർഥി ആർജിക്കേണ്ട ജ്ഞാനം, നൈപുണി, അഭിരുചി എന്നിവ ഉറപ്പുവരുത്തുന്ന രീതി ആദ്യ സെമസ്റ്റർ മുതൽ സാക്ഷാത്കരിക്കാനുള്ള മുന്നൊരുക്കങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് 6000 അധ്യാപകർക്ക് ഉന്നതവിദ്യാഭ്യാസ കൗൺസിൽ നേരിട്ട് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. കാലിക്കറ്റ് ഉൾപ്പെടെയുള്ള എല്ലാ സർവകലാശാലകളിലും സിലബസുകൾ പൂർണ്ണമായും തയ്യാറാക്കിയതിനുശേഷമാണ് നാലുവർഷ ബിരുദ പ്രോഗ്രാമിലേക്ക് പ്രവേശിച്ചിട്ടുള്ളത്. സർവകലാശാലാതലത്തിൽ

അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകുന്നുണ്ട്. ഏകീകൃത അക്കാദമിക് കലണ്ടർ അനുസരിച്ചാണ് പരീക്ഷകളുൾപ്പെടെ സംഘടിപ്പിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് അനാവശ്യവും അടിസ്ഥാനരഹിതവുമായ ആശങ്കകൾ പൊതുസമൂഹത്തിൽ ഉയർത്താനിടയാക്കുന്ന ചർച്ചകൾ മുന്നോട്ടുകൊണ്ടു പോകുന്നത് ആശാസ്യമല്ല. സ്കിൽ ഡെവലപ്മെന്റ് ആൻഡ് കരിയർ കൗൺസലിംഗ് സെന്റേഴ്സ് എന്ന നിലയിൽ എല്ലാ സർവകലാശാലകളിലും കലാലയങ്ങളിലും സവിശേഷ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് തീരുമാനമെടുത്ത് നടപ്പാക്കിവരികയാണ്. ഇതുമായി ബന്ധപ്പെട്ട് സ്റ്റാറ്റ്യൂട്ടിൽ ഭേദഗതി ആവശ്യമാണെങ്കിൽ കൊണ്ടുവരുന്നതാണ്.

## III സബ്മിഷൻ

### (1) <u>ശബരിമല ദർശനത്തിനുള്ള സ്പോട്ട് ബുക്കിങ്</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): ശബരിമലയിലെ മണ്ഡല-മകരവിളക്ക് തീർത്ഥാടനവേളയിൽ ഓൺലൈൻ ബുക്കിംഗിനുപുറമെ സ്പോട്ട് ബുക്കിംഗിലൂടെയും പരമാവധി തീർത്ഥാടകർക്ക് ദർശനം നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): മണ്ഡല-മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ട് 5-10-2024-ന് മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ശബരിമലയിൽ എത്തുന്ന തീർഥാടകരുടെ എണ്ണം പ്രതിദിനം എൺപതിനായിരത്തിലധികമായാൽ ബുദ്ധിമുട്ടുണ്ടാകുമെന്നതിനാൽ വെർച്വൽ ക്യൂ ബുക്കിംഗ് മാത്രം മതിയെന്നുള്ള തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിൽ സ്പോട്ട് ബുക്കിംഗ് ഒഴിവാക്കുകയും വെർച്വൽ ക്യൂ മുഖേന പ്രതിദിനം 80000 തീർഥാടകരെ അനുവദിക്കുകയും ചെയ്തു. വെർച്വൽ ക്യൂ സോഫ്റ്റ്‌വെയറിൽ സ്ലോട്ടുകൾക്ക് കളർ കോഡിംഗ് നൽകാനും ഓരോ ദിവസവും ഇതിലൂടെ ബുക്ക് ചെയ്യുന്ന തീർഥാടകരുടെ എണ്ണം നിശ്ചിത ഫോർമാറ്റിൽ തയ്യാറാക്കി ജില്ലാ ഭരണകൂടത്തിനും പോലീസിനും മുൻകൂട്ടി നൽകാനും തീരുമാനിച്ചിട്ടുണ്ട്.

(2) ഇടുക്കി ഒറ്റമരം മുതൽ ഗ്യാപ് റോഡ് വരെയുള്ള കൈയേറ്റം ഒഴിപ്പിക്കൽ

ശ്രീ. രമേശ് ചെന്നിത്തല: ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ബൈസൺവാലി വില്ലേജിലെ ചൊക്രമുടി മലനിരകളിലെ ഒറ്റമരം മുതൽ ഗ്യാപ് റോഡ് വരെയുള്ള ഭൂമിയിലെ അനധികൃത കൈയേറ്റം ഒഴിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): ഇടുക്കി ജില്ലയിലെ ദേവികുളം താലൂക്കിലെ ബൈസൺവാലി വില്ലേജിലെ ചൊക്രമുടി മലനിരകളിലെ ഒറ്റമരം മുതൽ ഗ്യാപ് റോഡ് വരെയുള്ള ഭൂമി കൈയേറ്റം സംബന്ധിച്ച് വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ തഹസിൽദാർ സ്റ്റോപ് മെമ്മോ നൽകി നിർമ്മാണപ്രവർത്തനങ്ങൾ നിർത്തിവയ്ക്കുകയും അടിയന്തരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ജില്ലാ കളക്ടർക്ക് നിർദേശം നൽകുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത മേഖലയിൽ യാതൊരു നിർമ്മാണപ്രവർത്തനങ്ങളും പാടില്ലെന്ന് 13-9-2024-ന് ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിക്കുകയും ദേവികുളം സബ് കളക്ടറുടെ നേതൃത്വത്തിൽ ഇക്കാര്യം പരിശോധിക്കാനായി പ്രത്യേക അന്വേഷണസംഘത്തെ നിയമിക്കുകയും ചെയ്തു. പ്രദേശത്തെ മുഴുവൻ ഭൂമിയും അളന്ന് സർവെ ഡിമാർക്കേഷൻ നടത്തുന്നതിന് സർവെ ഡെപ്യൂട്ടി ഡയറക്ടറെയും പാരിസ്ഥിതിക പ്രാധാന്യം സംബന്ധിച്ച് പരിശോധന നടത്താൻ മൂന്നാർ ഡി.എഫ്.ഒ.-യെയും ചുമതലപ്പെടുത്തി. ചൊക്രമുടിയിൽ ഭൂമി കൈയേറ്റം നടന്നിട്ടുണ്ടെന്ന് കണ്ടെത്തിയതിനെത്തുടർന്ന് അവ ഒഴിപ്പിക്കുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## (3) മാവൂർ ഗ്വാളിയോർ റയോൺസിന്റെ ഉടമസ്ഥതയിലുണ്ടായിരുന്ന സ്ഥലത്ത് പുതിയ സംരംഭം

ശ്രീ. പി. ടി. എ. റഹീം: കോഴിക്കോട് ജില്ലയിലെ മാവൂർ ഗ്വാളിയോർ റയോൺസ് തുറന്നുപ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട കേസ് എത്രയുംവേഗം തീർപ്പാക്കുന്നതിനും ഉഭയകക്ഷി ചർച്ചകളിലൂടെ തർക്കം പരിഹരിച്ച് നൂതന സംരംഭങ്ങൾ ആരംഭിക്കാനും സത്വര നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): മാവൂർ ഗ്വാളിയോർ റയോൺസ് തുറന്നുപ്രവർത്തിപ്പിക്കാനുള്ള ശ്രമം പരാജയപ്പെട്ടതിനെത്തുടർന്ന് ഇൻഡസ്ട്രിയൽ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് 238.41 ഏക്കർ സ്ഥലം ഏറ്റെടുത്ത് നൽകി. എന്നാൽ കമ്പനി അധികൃതർ ഫയൽ ചെയ്ത കേസ്സിനെത്തുടർന്ന് ഹൈക്കോടതി പുറപ്പെടുവിച്ച സ്റ്റേ ഓർഡർ വെക്കേറ്റ് ചെയ്യുന്നതിന് സർക്കാർ നടപടി സ്വീകരിച്ചുവരുന്നു. ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിക്കുന്നമുറയ്ക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ സർക്കാർ തയ്യാറാണ്. ഭൂമി ലഭ്യമാക്കി വ്യവസായ ആവശ്യങ്ങൾക്ക് ഉപയോഗിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്.

(4) ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി

ശ്രീ. പി. പി. ചിത്തരഞ്ജൻ: വേമ്പനാട് കായൽ ഉൾപ്പെടെയുള്ള ഉൾനാടൻ ജലാശയങ്ങളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും ചെളിയും പ്ലാസ്റ്റിക് മാലിന്യങ്ങളും പോളപ്പായലും നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കാനും സ്വാഭാവിക നീരൊഴുക്ക് സാധ്യമാക്കാനും ഒരു സമഗ്ര പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): 2018-ലെ പ്രളയം ഉൾനാടൻ ജലാശയങ്ങളിലെ ആവാസവ്യവസ്ഥയിൽ മാറ്റം വരുത്തിയതിനാൽ വേമ്പനാട്-അഷ്ടമുടി കായലുകളിലെ കക്കവർഗ്ഗ ജിവികളുടെ സ്വാഭാവിക ആവാസ വ്യവസ്ഥ നഷ്ടപ്പെടുകയും മത്സ്യസമ്പത്തിൽ ഗണ്യമായ ശോഷണമുണ്ടാകുകയും എക്കലും ചെളിയുമടിഞ്ഞ് ജലാശയങ്ങളുടെ ആഴം കുറയുകയും ചെയ്തിട്ടുണ്ട്. വേമ്പനാട് കായലുമായി ബന്ധപ്പെട്ട തോടുകളുടെയും കനാലുകളുടെയും നവീകരണ-പുനരുദ്ധാരണ പ്രവൃത്തികൾ നടപ്പാക്കിയതുവഴി വേമ്പനാട് കായലിലേയ്ക്കുള്ള നീരൊഴുക്ക് സാധ്യമാക്കാനും വെള്ളപ്പൊക്കംമൂലമുള്ള അപകടങ്ങൾ തടയാനും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കാനും കഴിഞ്ഞു. ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനായി മതിയായ തുക

വകയിരുത്തുകയും വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരികയും ചെയ്യുന്നു. ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കിയതുവഴി 4172 മെട്രിക് ടൺ മത്സ്യം ഉത്പാദിപ്പിക്കാനും അയ്യായിരത്തിലധികം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ നൽകാനും സാധിച്ചിട്ടുണ്ട്. ഉൾനാടൻ മത്സ്യത്തൊഴിലാളികൾ നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ വകുപ്പുകളുമായി യോജിച്ച് പദ്ധതികൾ നടപ്പാക്കുന്നതാണ്.

(5) അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാസർഗോഡ് ജില്ലയിൽ ഹോസ്ദുർഗ് താലൂക്കിലെ അജാനൂർ മത്സ്യബന്ധന തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. സജി ചെറിയാൻ): അജാനൂർ മത്സ്യബന്ധന തുറമുഖത്തിന്റെ ഭാവി വികസനം കണക്കിലെടുത്ത് ഹാർബറിന്റെ ബേസ് ഏരിയയുടെ വലിപ്പം കൂട്ടുന്നതിനും ബ്രേക്ക് വാട്ടർ ക്രോസ് സെക്ഷൻ അന്തിമമാക്കുന്നതിനും ഫ്ളൂം സ്റ്റഡി നടത്തുന്നതിനുമായി അധിക മാതൃകാപഠനം നടത്തുന്നതിന് Central Water and Power Research Station (CWPRS)-നെ

ചുമതലപ്പെടുത്തിയനുപ്രകാരം ലഭ്യമായ റിപ്പോർട്ടുകളുടെയും മാത്തമാറ്റിക്കൽ മോഡോണോ സ്റ്റഡി റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പുതുക്കിയ പദ്ധതി രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. പദ്ധതി CRZ ക്ലിയറൻസിനുവേണ്ടി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചാലുടനെ പദ്ധതി നടപ്പാക്കുന്നതാണ്.

### (6) കല്ലൂരിക്കടവ് പാലം നിർമ്മാണം

ശ്രീ. കെ. വി. സുമേഷ്: അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരി-നാറാത്ത് പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയനുപ്രകാരം ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): അഴീക്കോട് മണ്ഡലത്തിലെ പാപ്പിനിശ്ശേരി-നാറാത്ത് പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കല്ലൂരിക്കടവ് പാലം നിർമ്മാണത്തിന് 25 കോടി രൂപയുടെ ഭരണാനുമതി നൽകുകയും 34.8 കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി കിഫ്ബിക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അപ്രോച്ച് റോഡിന്റെ അലൈൻമെന്റിൽ കിഫ്ബി നിർദേശിച്ച മാറ്റങ്ങൾ ഉൾപ്പെടുത്തി പുതുക്കിയ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ട്. പുതുക്കിയ

ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരം രണ്ട് ഡിസൈനുകളും ഏകോപിപ്പിച്ച് റിവൈസ് ചെയ്ത് സമർപ്പിക്കാൻ ഡിസൈൻ വിംഗ് ചീഫ് എഞ്ചിനീയർക്ക് നിർദേശം നൽകുന്നതാണ്.

(7) വണ്ടിപ്പുര ഹൗസിംഗ് നഗർ പദ്ധതി

ശ്രീ. വി. ജോയി: വർക്കലയിലെ വണ്ടിപ്പുര ഹൗസിംഗ് നഗർ പദ്ധതിക്കും വട്ടപ്ലാമൂട് ഗ്രാമം പദ്ധതിക്കും ഭരണാനുമതി ലഭ്യമാക്കാനും പട്ടികജാതി വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതി പ്രവർത്തനങ്ങൾക്ക് നിർവഹണ ഏജൻസികൾക്ക് നൽകുന്ന സെന്റേജ് ചാർജ്ജും ജി.എസ്.ടി.-യും ഒഴിവാക്കാനും നടപടി സ്വീകരിക്കണം.

പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. ഒ. ആർ. കേളു): വണ്ടിപ്പുര ഹൗസിംഗ് നഗറിന്റെ നവീകരണ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം പരിഹരിക്കുന്നതിന്റെ ഭാഗമായി എസ്റ്റിമേറ്റുകൾക്ക് അംഗീകാരം നൽകുന്നതിന് സാങ്കേതിക വിദഗ്ധരെക്കൂടി ഉൾപ്പെടുത്തി ജില്ലാതല ടെക്നിക്കൽ കമ്മിറ്റി രൂപീകരിക്കുന്നതിനും ഭരണാനുമതി നൽകുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. 25 പട്ടികജാതി പട്ടികവർഗ കുടുംബങ്ങളില്ലാത്ത നഗറുകളിൽ തൊട്ടടുത്ത

നഗറുകളെക്കൂടി ഉൾപ്പെടുത്തി ക്ലസ്റ്ററുകളായി പദ്ധതി നടപ്പാക്കാനും 15 വീടുകൾ വരെയുള്ള നഗറുകളെ പദ്ധതിയുടെ ഭാഗമായി അടങ്കൽ തുകയിൽ മാറ്റം വരുത്തി ഉൾപ്പെടുത്താനും നടപടി സ്വീകരിച്ചുവരുന്നു. സെന്റേജ് ചാർജ് ഒഴിവാക്കുന്നതിന് നഗറുകളിലെ മോണിറ്ററിങ് കമ്മിറ്റിയുടെ തീരുമാനപ്രകാരം വ്യക്തിഗത ആനുകൂല്യങ്ങൾ നേരിട്ട് ഏറ്റെടുത്ത് നടത്തുന്നതിന് താൽപര്യമുള്ള ഗുണഭോക്താക്കൾക്ക് നൽകുന്നതിനും അതിനായി അഡ്വാൻസ് അനുവദിക്കാനുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(8) <u>കണ്ണൂർ സർക്കാർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനം</u>

<u>ശ്രീ. എം. വിജിൻ:</u> കണ്ണൂർ മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റിന്റെ പ്രവൃത്തി ആരംഭിക്കാനും പുതിയ കാത്ത് ലാബിന്റെയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെയും നിർമ്മാണം പൂർത്തിയാക്കാനും കാലപ്പഴക്കമുള്ള മെഡിക്കൽ ഉപകരണങ്ങൾ മാറ്റി സ്ഥാപിക്കാനും പ്ലാസ്റ്റിക് സർജറി ഡിപ്പാർട്ട്മെന്റിന് പുതിയ മെഷിനറികൾ നൽകാനും നടപടി സ്വീകരിക്കണം. ആവശ്യമായ അധ്യാപക തസ്തികകൾ സൃഷ്ടിച്ച് പുതിയ പി.ജി. കോഴ്സുകൾ അനുവദിക്കാനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): കണ്ണൂർ പരിയാരം മെഡിക്കൽ കോളേജിൽ സർക്കാരിന്റെ ഏറ്റെടുക്കൽ പ്രവൃത്തികൾ പൂർണ്ണമാക്കുന്നതിന്റെ ഭാഗമായി 1551 തസ്തികകൾ സൃഷ്ടിക്കുകയും സ്റ്റാൻഡ് എലോൺ വ്യവസ്ഥയിൽ നിയമിക്കപ്പെട്ട 48 നേഴ്സിംഗ് ഓഫീസർമാരുടെയും ജൂനിയർ കേഡറിലുള്ള 272 നേഴ്സിംഗ് ഓഫീസർമാരുടെയും റെഗുലറൈസേഷൻ നടത്തുന്നതിനായി പി.എസ്.സി.-യുടെ ഉപദേശം തേടുകയും ചെയ്തിട്ടുണ്ട്. ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെ അക്കോമഡേഷൻ നടപടികൾ പൂർത്തീകരിക്കുകയും മറ്റ് വിഭാഗക്കാരുടെ അക്കോമഡേഷൻ നടപടികൾ നടന്നുവരികയുമാണ്. എട്ട് വിഭാഗങ്ങളിൽ പി.ജി. സീറ്റ് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ആശുപത്രികളുടെ മെയിന്റനൻസ് പ്രവൃത്തികൾക്കായി 29.79 കോടി രൂപയുടെ ഭരണാനുമതി നൽകുകയും അറ്റകുറ്റപ്പണികളുടെ 85 ശതമാനം പൂർത്തീകരിക്കുകയും സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നവീകരണ പ്രവൃത്തി ദ്രുതഗതിയിൽ നടന്നുവരികയാണ്. ഫോറൻസിക് വിഭാഗത്തിന്റെ നവീകരണ പ്രവൃത്തി പൂർത്തീകരിക്കുകയും കാത്ത് ലാബിന്റെ നിർമ്മാണം എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്. ട്രോമാ കെയർ യൂണിറ്റിന്റെ

പ്രവൃത്തി 30 ദിവസത്തിനകം പൂർത്തീകരിച്ചില്ലെങ്കിൽ നിലവിലുള്ള എസ്.പി.വി.-യെ മാറ്റി മറ്റൊരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

(9) ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകൾ

ശ്രീ. സനീഷ്‍കുമാർ ജോസഫ്: ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് ഔദ്യോഗികമായി പ്രസിദ്ധീകരിച്ച് അടിയന്തര തുടർനടപടികൾ സ്വീകരിക്കണം.

ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ട് ന്യൂനപക്ഷ ക്ഷേമ വകുപ്പിന് ലഭ്യമായിട്ടുണ്ട്. ചീഫ് സെക്രട്ടറി അധ്യക്ഷനായും ന്യൂനപക്ഷക്ഷേമ വകുപ്പ് സെക്രട്ടറി, പൊതുഭരണ വകുപ്പ് സെക്രട്ടറി എന്നിവർ അംഗങ്ങളായും രൂപീകരിച്ച കമ്മിറ്റി പ്രസ്തുത കമ്മീഷൻ റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിക്കേണ്ട നടപടികൾ പരിശോധിച്ച് തുടർനടപടി സ്വീകരിച്ചുവരികയാണ്. ഇവ ക്രോഡീകരിച്ച് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. നടപടിക്രമങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ബന്ധപ്പെട്ടവരുമായി ചർച്ചചെയ്ത് ശിപാർശകൾ നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

(10) കെട്ടിടങ്ങൾക്ക് മുകളിൽ ഷീറ്റ് വിരിക്കുന്നത് ക്രമവൽക്കരിക്കൽ

ശ്രീ. യു. എ. ലത്തീഫ്: കെട്ടിടങ്ങളുടെ മുകൾ നിലകളിൽ ഷീറ്റുവിരിക്കുന്നത് ക്രമവൽക്കരിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): മൂന്നുനിലകൾ വരെയുള്ളതും 10 മീറ്റർ വരെ ഉയരമുള്ളതുമായ ഏകകുടുംബ വാസഗൃഹങ്ങൾക്കുമുകളിൽ ടെറസ് ഫ്ലോറിൽനിന്നും പരമാവധി 1.8 മീറ്റർ വരെ ഉയരത്തിൽ ഷീറ്റ്/ചരിഞ്ഞ ടൈൽ റൂഫ് നിർമ്മിക്കുന്നതിനുള്ള അനുമതി നൽകുന്നതിനാവശ്യമായ വ്യവസ്ഥകൾ കെട്ടിട നിർമ്മാണ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. പെർമിറ്റ് ഫീസ് കണക്കാക്കുന്നതിനൊഴികെ കെട്ടിടനിർമ്മാണ ചട്ടങ്ങളനുസരിച്ച് അധികമേൽക്കൂരയുള്ള ടെറസിൽ ബിൽറ്റ്-അപ് ഏരിയ കണക്കാക്കാൻ പാടില്ലാത്തതാണ്. വിവിധ ഉത്തരവുകൾ പ്രകാരം പഞ്ചായത്തുകൾക്കും നഗരസഭകൾക്കും അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെട്ടിടങ്ങൾക്കുമുകളിൽ ഷീറ്റ് വിരിച്ച നിർമ്മിതികൾ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുന്നതിന് എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും നിർദേശം നൽകിയിട്ടുണ്ട്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(കാര്യവിവരപ്പട്ടികയിൽ മൂന്നാമത്തെ ഇനമായി കൊടുത്തിരുന്ന ചട്ടം 118 പ്രകാരമുള്ള ഗവൺമെന്റ് പ്രമേയത്തിന്റെ പരിഗണന മറ്റൊരു ദിവസത്തേയ്ക്ക് മാറ്റിവച്ചു.)

## IV നിയമനിർമ്മാണ കാര്യം

(i) 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപവും:

മുഖ്യമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. പി. രാജീവ്: കേരള നിയമസഭയുടെ സബോർഡിനേറ്റ് ലെജിസ്ലേഷൻ സമിതി ശിപാർശ ചെയ്തിട്ടുള്ള ഭേദഗതികൾ നിയമത്തിൽ ഉൾപ്പെടുത്തുന്നതിനായി കൊണ്ടുവന്നിട്ടുള്ള ബില്ലാണിത്.

ശ്രീ. സനീഷ്കുമാർ ജോസഫ്: 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 31-12-2024 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പ്രവാസികളും പ്രവാസിധനവും കേരളത്തിന്റെ സാമ്പത്തിക-സാമൂഹ്യ വളർച്ചയുടെ നാഴികക്കല്ലുകളാണ്. പ്രവാസി ക്ഷേമത്തിനായി നടപ്പാക്കിയ നോർക്ക സംവിധാനം പ്രതീക്ഷകൾക്കൊത്ത് ഉയർന്നിട്ടില്ലെന്നത് ഖേദകരമാണ്. പ്രവാസികളുടെ വിമാനയാത്രാക്കൂലി നിയന്ത്രിക്കുന്നതിന് ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന് കൂടുതൽ അധികാരം നൽകുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ബജറ്റിൽ പ്രവാസി ക്ഷേമത്തിനായി വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. പ്രവാസി ക്ഷേമനിധി ബോർഡിന് പ്ലാൻ ഫണ്ട് ഇനത്തിൽ 12 കോടി രൂപ നീക്കിവച്ചിട്ടുണ്ടെങ്കിലും തുക ഇതുവരെ അനുവദിച്ചിട്ടില്ല. പെൻഷൻ വിതരണം തടസ്സപ്പെടാനുള്ള സാധ്യതയും പ്രവാസി ഡിവിഡന്റ് സ്കീമിന്റെ ഭാരവും വർദ്ധിച്ചുവരുന്ന പെൻഷൻകാരുടെ എണ്ണവും ബോർഡിന്റെ

സാമ്പത്തികശേഷിയെ സാരമായി ബാധിക്കുമെന്നതിനാൽ സർക്കാർ നൽകേണ്ട തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. കേരളാ പ്രവാസി ക്ഷേമനിധി ബോർഡിന് ഒരു സ്ഥിരം ചെയർമാനെ നിയമിക്കണം.

ശ്രീ. കെ. ആൻസലൻ: 2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിന്റെ സമഗ്രവികസനത്തിൽ പ്രവാസി മലയാളികളുടെ പങ്ക് വളരെ മികവുറ്റതാണ്. ഈ സർക്കാർ പ്രവാസി ക്ഷേമനിധി പെൻഷൻ വർദ്ധിപ്പിച്ചതും പ്രവാസി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിച്ചതും ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ഇളവുകളോടെ കുടിശ്ശിക അടച്ച് ക്ഷേമനിധി അംഗത്വം പുനഃസ്ഥാപിക്കാനുള്ള തീരുമാനമെടുത്തതും ശ്ലാഘനീയമാണ്. നോർക്ക റൂട്ട്സ് മുഖേന നിരവധി പുനരധിവാസ പദ്ധതികളും ക്ഷേമ പദ്ധതികളും നടപ്പാക്കിയിട്ടുണ്ട്. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന പ്രവാസികൾക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് പദ്ധതികൾ ആവിഷ്കരിക്കാത്തതും ബഡ്ജറ്റിലോ കോവിഡ് പാക്കേജുകളിലോ പ്രവാസികളെ പരിഗണിക്കാത്തതും നേരത്തെയുണ്ടായിരുന്ന പ്രവാസി

വകുപ്പിനെ പിരിച്ചുവിട്ടതും പ്രവാസികളോടുള്ള കേന്ദ്ര ഗവൺമെന്റിന്റെ പ്രതിഷേധാത്മക നിലപാടിനെയാണ് സൂചിപ്പിക്കുന്നത്. ഉത്സവ സീസണിലെ വിമാനടിക്കറ്റ് ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും ടിക്കറ്റ് ചാർജ് കുറയ്ക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. പാസ്പോർട്ട് വിതരണത്തിൽ കേരളം മുൻപന്തിയിലാണ്. ഡയറക്ടർ ബോർഡിന്റെ ചെയർമാൻ സ്ഥാനത്തേയ്ക്ക് പ്രവാസി കേരളീയൻ (വിദേശം) എന്നതിനുപകരം വിദേശത്തോ സ്വദേശത്തോ ഉള്ള ആരെയും പരിഗണിക്കാമെന്ന ഭേദഗതി ബില്ലിൽ ഉൾപ്പെടുത്തണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): "പ്രവാസി കേരളീയൻ എന്നാൽ സാധുതയുള്ള ഒരു ഇന്ത്യൻ പാസ്പോർട്ട് കൈവശമുള്ളതും വിദേശ രാജ്യത്തിന്റെ വിസയിൽ വിദേശത്ത് ജോലി ചെയ്യുന്നതോ ഉപജീവനാർത്ഥം താമസിക്കുന്നതോ ആയ ഒരു കേരളീയൻ അഥവാ സാധുതയുണ്ടായിരുന്ന ഒരു ഇന്ത്യൻ പാസ്പോർട്ട് കൈവശമുള്ളതും വിദേശ രാജ്യത്തിന്റെ വിസയിൽ വിദേശത്ത് കുറഞ്ഞത് രണ്ട് വർഷമെങ്കിലും ജോലി ചെയ്തിരുന്നതോ ഉപജീവനാർത്ഥം താമസിച്ചിരുന്നതോ ആയ ഒരു കേരളീയൻ" എന്ന മൂലനിയമത്തിലെ നിർവചനം തന്നെയാണ് ബില്ലിലെ

പ്രവാസി കേരളീയൻ (വിദേശം) എന്നതിലും ബാധകമായിട്ടുള്ളത്. വിമാനടിക്കറ്റിന്റെ ചാർജ്ജ് വർദ്ധനവ് സംബന്ധിച്ച വിഷയത്തിൽ നടപടി സ്വീകരിക്കാനുള്ള അധികാരം കേന്ദ്ര ഗവൺമെന്റിനാണ്. സംസ്ഥാന സർക്കാർ നിരവധി തവണ ഇതുസംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. ഈ വിഷയം കേരളത്തിൽനിന്നുള്ള എം.പി.-മാർ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തണം. പ്രവാസി കേരളീയരുടെ ഡിവിഡന്റ് പദ്ധതിയിൽ കാലാകാലങ്ങളിലെടുക്കുന്ന തീരുമാനങ്ങൾകൂടി പരിഗണിച്ച് ആവശ്യമായ മാറ്റം വരുത്താൻ വ്യവസ്ഥയുണ്ട്. 60 വയസ് പൂർത്തിയായ പ്രവാസികൾക്ക് പെൻഷൻ നൽകുന്നുണ്ട്. ചട്ടങ്ങളിൽ വന്നിട്ടുള്ള ഭേദഗതിയെ അടിസ്ഥാനമാക്കിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

2024-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

## V നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ച

തൃശ്ശൂർപൂരം അലങ്കോലപ്പെട്ടത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്മേലുള്ള ചർച്ചയ്ക്കായി സഭ ഇപ്പോൾ നിർത്തിവയ്ക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

ശ്രീ. അൻവർ സാദത്ത്: ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: തൃശ്ശൂർ പൂരം അലങ്കോലപ്പെട്ടത് സംബന്ധിച്ച വിഷയം ചർച്ചയ്ക്കെടുത്തത് സ്വാഗതാർഹമാണ്. പൂരപ്പറമ്പിൽ സംഘർഷമുണ്ടായപ്പോൾ രക്ഷകനായി എൻ.ഡി.എ. സ്ഥാനാർത്ഥി എത്തിയതും മന്ത്രിസഭയിലെ രണ്ട് അംഗങ്ങൾക്കും മറ്റ് എം.എൽ.എ.-മാർക്കും ലഭിക്കാത്ത സൗകര്യം എൻ.ഡി.എ. സ്ഥാനാർത്ഥിക്ക് ലഭ്യമായതും ആസൂത്രിതമായ ഗൂഢാലോചയുടെ ഭാഗമാണെന്ന് സംശയിക്കുന്നു. തൃശ്ശൂർപൂരം വീഴ്ചകളില്ലാതെ നടത്തുന്നതിന് നടപടികൾ സ്വീകരിക്കാതിരുന്നത് അപലപനീയമാണ്. പൂരം എഴുന്നള്ളിപ്പ് കടന്നുവരുന്ന റോഡിൽ വാഹനങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിച്ചില്ലെന്നുമാത്രമല്ല ആനകൾക്ക് കടന്നുപോകാൻ കഴിയാത്തവിധത്തിൽ ബാരിക്കേഡുകൾ നിറയ്ക്കുകയും സാധാരണ ജനങ്ങളെ ശത്രുവിനെപ്പോലെ കൈകാര്യം

ചെയ്യുന്ന സ്ഥിതിവിശേഷമുണ്ടാകുകയും ചെയ്തു. തൃശ്ശൂർ പൂരം നടത്തിപ്പിന്റെ ചുമതല അനുഭവപരിചയമില്ലാത്ത സിറ്റി പോലീസ് കമ്മീഷണറെ ഏൽപ്പിച്ചതും സഹായികളായി നിൽക്കേണ്ട സ്പെഷ്യൽ ബ്രാഞ്ച് ഡിവൈ.എസ്.പി.-മാരുടെ എണ്ണത്തിൽ കുറവുണ്ടായതും പോരായ്മയാണ്. വടക്കുംനാഥൻ ക്ഷേത്രത്തിൽനിന്ന് എണ്ണ കൊണ്ടുപോയ ദേവസ്വം ജീവനക്കാരെയും ആനയ്ക്ക് പട്ട കൊടുക്കാൻ പോയവരെയും തടഞ്ഞുനിർത്തിയത് ബോധപൂർവ്വം പൂരം അലങ്കോലപ്പെടുത്തുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ്. നിയന്ത്രണങ്ങൾക്ക് നേതൃത്വം നൽകേണ്ട കമ്മീഷണർ ഒരു കാര്യത്തിലും ഇടപെട്ടില്ലെന്നതും ശ്രദ്ധേയമാണ്. രാത്രിയിൽ പന്തലിലെ വെളിച്ചം ഓഫ് ചെയ്യുകയും വെടിക്കെട്ട് ഇല്ലെന്ന് പ്രഖ്യാപിക്കുകയും ചെയ്തതിനെത്തുടർന്ന് പൂരത്തിൽനിന്നും പിന്മാറിയ തിരുവമ്പാടി ദേവസ്വം അധികൃതരെ അനുനയിപ്പിക്കുന്നതിനായി ജില്ലയുടെ ഭരണച്ചുമതലയുള്ള കളക്ടർക്ക് സ്ഥലത്ത് എത്തേണ്ടതായുംവന്നു. ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തത് ക്രമസമാധാനപാലനത്തിന്റെ ചുമതലയുണ്ടായിരുന്ന എ.ഡി.ജി.പി. ആണെന്നുള്ള ആക്ഷേപവും ശക്തിപ്പെട്ടുവരികയാണ്. പൂരം അലങ്കോലപ്പെടുത്തിയ സംഭവത്തിൽ ജനങ്ങളുടെ മുന്നിൽ സർക്കാർ പ്രതിക്കൂട്ടിലായതിനാൽ അതുസംബന്ധിച്ച്

ജുഡീഷ്യൽ അന്വേഷണം നടത്തുന്നതോടൊപ്പം ഉത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: പ്രതിപക്ഷവും ബി.ജെ.പി.-യും ചില മാധ്യമങ്ങളും ചേർന്ന് സർക്കാരിനെതിരെ പുകമറ സൃഷ്ടിക്കാൻ വിവിധ തലങ്ങളിൽ ശ്രമിക്കുന്നതിനാലാണ് യാഥാർത്ഥ്യം ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിനായി നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം ചർച്ച ചെയ്യാൻ സർക്കാർ അനുമതി നൽകിയത്. സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിച്ച് തൃശ്ശൂർ പൂരം അലങ്കോലപ്പെടുത്തിയവർക്കെതിരെ നടപടി സ്വീകരിക്കുന്ന ഈ അവസരത്തിൽ ജുഡീഷ്യൽ അന്വേഷണം വേണമെന്ന പ്രതിപക്ഷത്തിന്റെ ആവശ്യം ഈ സംഭവത്തിൽ ഉൾപ്പെട്ടവരെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്.

ശ്രീ. എ. പി. അനിൽകുമാർ: ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി.-യുടെ ആർ.എസ്.എസ്. നേതാക്കളുമായുള്ള കൂടിക്കാഴ്ചയുടെ വിവരം സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന് ലഭിച്ചില്ലെന്നത് കാര്യക്ഷമതയില്ലായ്മയാണ് വെളിവാക്കുന്നത്. റവന്യൂ വകുപ്പുമന്ത്രിക്കും ഇടത്-വലതുപക്ഷ സ്ഥാനാർത്ഥികൾക്കും പൂരം അലങ്കോലപ്പെട്ടിടത്തേയ്ക്ക് പോകാൻ

അനുവാദം നൽകാതെ ശ്രീ. സുരേഷ് ഗോപിക്ക് സൗകര്യമൊരുക്കിയത് ആരാണെന്ന് അന്വേഷിക്കണം. കേരളത്തിൽ കേന്ദ്ര ഏജൻസികൾ നടത്തുന്ന വിവിധ കേസന്വേഷണങ്ങൾ മുന്നോട്ടുപോകാതിരിക്കാൻ ബി.ജെ.പി.-ക്ക് നൽകിയ പാരിതോഷികമാണ് തൃശ്ശൂർ ലോക്സഭാ സീറ്റ്.

ശ്രീ. പി. ബാലചന്ദ്രൻ: ദശാബ്ദങ്ങളായി നടന്നുവരുന്ന തൃശ്ശൂർ പൂരം അലങ്കോലപ്പെടുത്താനുള്ള ശ്രമമാണ് ഉണ്ടായത്. പൂരത്തോടനുബന്ധിച്ചുള്ള എക്സിബിഷന് തറവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് തിരുവമ്പാടി-പാറമേക്കാവ് ദേവസ്വങ്ങൾ തമ്മിൽ നിലനിന്ന തർക്കം പരിഹരിച്ച് സുഗമമായി പൂരം നടത്താനുള്ള സാഹചര്യം സംജാതമാക്കിയത് മുഖ്യമന്ത്രിയാണ്. തൃശ്ശൂർ പൂരം അലങ്കോലപ്പെടുത്താൻ ഗൂഢാലോചന നടത്തിയവരെ കണ്ടെത്താനും കുറ്റവാളികളെ നിയമത്തിന് മുന്നിൽകൊണ്ടുവരാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

ശ്രീ. അനൂപ് ജേക്കബ്: തൃശ്ശൂർ പൂരം അലങ്കോലപ്പെടുത്തിയതിന് പിന്നിൽ വ്യക്തമായ ഗൂഢാലോചനയുണ്ട്. പൂരം ചടങ്ങുകളുടെ ക്രമീകരണവുമായി ബന്ധപ്പെട്ട് പോലീസ് തയ്യാറാക്കിയ ആക്ഷൻ പ്ലാനിൽ ആരോപണവിധേയനായ എ.ഡി.ജി.പി. മാറ്റംവരുത്തുകയും പൂരപ്രേമികൾക്കുമേൽ അനാവശ്യ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുകയുമാണ്

ചെയ്തിട്ടുള്ളത്. പൂരം ചടങ്ങുകൾ അട്ടിമറിച്ചതിനുപിന്നിൽ പ്രവർത്തിച്ചവരെ പൊതുസമൂഹത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് ജൂഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കണം.

ശ്രീ. കെ. പ്രേംകുമാർ: ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് പൂരം അലങ്കോലപ്പെടുത്താൻ ശ്രമിച്ചുവെന്ന് വരുത്തിതീർക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ബി.ജെ.പി.-കോൺഗ്രസ് നേതാക്കൾ നടത്തിയ ഗൂഢാലോചനയുടെ ഫലമായാണ് പൂരം ചടങ്ങുകൾ അട്ടിമറിക്കപ്പെട്ടത്. പൂരവുമായി ബന്ധപ്പെട്ട് മാധ്യമപ്രവർത്തകരും ദേവസ്വവും ഉന്നയിച്ച പരാതിയെത്തുടർന്ന് പോലീസ് കമ്മീഷണർ, അസിസ്റ്റന്റ് കമ്മീഷണർ എന്നിവരെ തൽസ്ഥാനങ്ങളിൽനിന്നും മാറ്റുകയും കുറ്റക്കാരെ കണ്ടെത്തുന്നതിന് ത്രിതല അന്വേഷണം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീമതി കെ. കെ. രമ: ആർ.എസ്.എസ്.-ഉം സി.പി.ഐ.(എം.)-ഉം തമ്മിലുള്ള ഒത്തുതീർപ്പ് രാഷ്ട്രീയത്തിന്റെ മറ്റൊരു ഏടാണ് ലോക്സഭ തിരഞ്ഞെടുപ്പിൽ തൃശ്ശൂർ ജില്ലയിൽ അരങ്ങേറിയത്. മുഖ്യമന്ത്രിയുടെ ഏജന്റായി എ.ഡി.ജി.പി.-യെ നിയോഗിച്ചതിന്റെ തെളിവാണ് തൃശ്ശൂർ പൂരം അലങ്കോലപ്പെടുത്തിയതിലൂടെ പുറത്തുവന്നിരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട്

ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിക്കുകയും ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുകയും വേണം.

ശ്രീ. അഹമ്മദ് ദേവർകോവിൽ: മുഖ്യമന്ത്രിക്കെതിരെ കള്ളപ്രചാരണങ്ങളാണ് പ്രതിപക്ഷം നടത്തുന്നത്. എ.ഡി.ജി.പി.-ആർ.എസ്.എസ്. കൂടിക്കാഴ്ച മതനിരപേക്ഷ സർക്കാരിന് അംഗീകരിക്കാൻ കഴിയുന്നതല്ല. സർക്കാർ സംവിധാനം ദുരുപയോഗപ്പെടുത്തി രാഷ്ട്രീയ മുതലെടുപ്പിന് ശ്രമിക്കുന്നവർക്കെതിരെ അന്വേഷണം ആരംഭിച്ചിട്ടുണ്ട്. മാധ്യമങ്ങളുടെ സഹായത്തോടെ കേരളത്തിന്റെ മതനിരപേക്ഷതയുടെ അടിത്തറയിളക്കാൻ വർഗ്ഗീയവാദികൾ ശ്രമിക്കുന്നത് തടയാൻ നടപടി സ്വീകരിക്കണം.

ശ്രീ. എം. രാജഗോപാലൻ: തൃശ്ശൂർ പൂരം അലങ്കോലമായതുമായി ബന്ധപ്പെട്ട അന്വേഷണത്തിൽ കൃത്യമായ നിലപാട് സ്വീകരിച്ചുകൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. പ്രസ്തുത വിഷയം രാഷ്ട്രീയ മുതലെടുപ്പിന് ആയുധമാക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. പ്രതിപക്ഷം അപവാദപ്രചാരണങ്ങൾ നടത്തിയാലും ഈ സർക്കാരിനെ മുന്നോട്ട് നയിക്കാൻ രാഷ്ട്രീയ ഇച്ഛാശക്തിയുള്ള മുഖ്യമന്ത്രിയാണ് കേരളം ഭരിക്കുന്നതെന്ന തിരിച്ചറിവ് പ്രതിപക്ഷത്തിനുണ്ടാകണം.

ശ്രീ. നജീബ് കാന്തപുരം: സംസ്ഥാനത്തിനാകെ അഭിമാനമായ തൃശ്ശൂർ പൂരം രാഷ്ട്രീയ ലാഭത്തിനായി പോലീസിനെ ഉപയോഗിച്ച് അട്ടിമറിക്കുന്ന നിലപാടാണ് സർക്കാർ സ്വീകരിച്ചത്. തൃശ്ശൂർ പൂരം അലങ്കോലപ്പെടുത്തിയതുമായി ബന്ധപ്പെട്ട് ആരോപണവിധേയനായ എ.ഡി.ജി.പി.-ക്കെതിരെ യാതൊരു നടപടിയും സ്വീകരിക്കാൻ സർക്കാർ തയ്യാറാകാത്തത് അപലപനീയമാണ്.

ശ്രീ. എ. സി. മൊയ്തീൻ: തൃശ്ശൂർ പൂരത്തിന്റെ നടത്തിപ്പിൽ ഇടപെട്ട് പൂരം അലങ്കോലമാക്കിയവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാനുള്ള നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. രാഷ്ട്രീയ മുതലെടുപ്പിനുവേണ്ടി തൃശ്ശൂർ പൂരം എന്ന മഹത്തായ സംസ്കാരത്തെ അപകീർത്തിപ്പെടുത്താനുള്ള ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): തൃശ്ശൂർ പൂരത്തിന് മുന്നോടിയായി ക്രമസമാധാന ചുമതലയുള്ള എ.ഡി.ജി.പി. പൂരം അലങ്കോലപ്പെടുത്തുകയെന്ന ഉദ്ദേശ്യത്തോടെ സിറ്റി പോലീസ് കമ്മീഷണർക്ക് നൽകിയ ചില നിർദേശങ്ങൾ നടപ്പാക്കിയതിലൂടെ ആചാരാനുഷ്ഠാനങ്ങൾ അട്ടിമറിക്കപ്പെട്ടു. പൂരത്തിനിടെയുണ്ടായ പ്രശ്നങ്ങൾ വിവാദമായപ്പോൾ കമ്മീഷണറെ തൽസ്ഥാനത്തുനിന്നും മാറ്റുകയും

എ.ഡി.ജി.പി.-യോട് വിശദീകരണം ആവശ്യപ്പെടാതിരിക്കുകയും ചെയ്ത സർക്കാർ നടപടി അപലപനീയമാണ്. ഗൂഢാലോചനയിൽ ഗവൺമെന്റ് പങ്കാളിയല്ലായിരുന്നെങ്കിൽ പോലീസിന്റെ കൃത്യമായ ഇടപെടലുണ്ടാകുമായിരുന്നു. പൂരം തടസ്സപ്പെട്ട സമയത്ത് തൃശ്ശൂർ മണ്ഡലത്തിലെ പാർലമെന്റ് സ്ഥാനാർത്ഥി രക്ഷകനായെത്തിയത് സർക്കാരിന്റെ ഗൂഢാലോചന വ്യക്തമാക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട റിപ്പോർട്ട് ഒരാഴ്ചയ്ക്കകം നൽകണമെന്ന് മുഖ്യമന്ത്രി എ.ഡി.ജി.പി.യോട് ആവശ്യപ്പെട്ടിട്ടും അഞ്ച് മാസത്തിനുശേഷമാണ് ലഭ്യമാക്കിയതെന്നതും ആരോപണവിധേയൻ തന്നെ അന്വേഷിച്ചുവെന്നുള്ളതും അപഹാസ്യമാണ്. പൂരം നടത്തിപ്പുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിക്ക് കീഴിലുള്ള ഒരന്വേഷണവും പ്രതിപക്ഷത്തിന് സ്വീകാര്യമല്ല. തൃശ്ശൂർ പൂരം അലങ്കോലപ്പെട്ടത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തണം.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. വി. എൻ. വാസവൻ</u>): ആചാരാനുഷ്ഠാനങ്ങൾ അനുസരിച്ച് തൃശ്ശൂർ പൂരത്തിന്റെ ശോഭ വർധിപ്പിക്കാൻ കഴിയുന്ന വിധത്തിലുള്ള പശ്ചാത്തല സൗകര്യമൊരുക്കുന്ന പ്രവർത്തനമാണ് സർക്കാർ നടത്തിയത്. നിബന്ധനകൾക്ക് വിധേയമായാണ് പൂരം സംഘടിപ്പിക്കാൻ തീരുമാനിച്ചിരുന്നത്. ലോക്സഭാ തിരഞ്ഞെടുപ്പുമായി

ബന്ധപ്പെട്ട് പെരുമാറ്റച്ചട്ടം നിലവിൽ വന്നതിനാലാണ് പോലീസുകാരെ സ്ഥലം മാറ്റുന്നതിനും കൂടുതൽപേരെ വിന്യസിക്കുന്നതിനും സാധിക്കാത്തത്. പൂരം കലക്കുന്നതിൽ ആസൂത്രിത നീക്കം നടന്നിട്ടുണ്ടെന്ന എ.ഡി.ജി.പി.യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ത്രിതല അന്വേഷണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പൂരം കലക്കുന്നതിനുവേണ്ടി ആസൂത്രിതമായ ശ്രമം നടന്നിട്ടുണ്ടോ എന്നത് സംബന്ധിച്ച് സമഗ്രമായ അന്വേഷണം നടത്തി കുറ്റക്കാരെ കണ്ടുപിടിക്കണമെന്നു തന്നെയാണ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ നിലപാട്. നടുവിലാലിനുമുമ്പിലുള്ള ബാരിക്കേഡ് ലംഘിച്ചുകൊണ്ട് പ്രകടനമായി ആളുകളോട് ശ്രീമൂലസ്ഥാനത്തേക്ക് വരാൻ ആഹ്വാനം ചെയ്തത് ആരാണെന്നും ഏതെല്ലാം വിധത്തിലുള്ള ഇടപെടലാണ് നടന്നതെന്നും അതിന് നേതൃത്വം നൽകിയതാരാണെന്നും ഉൾപ്പെടെയുള്ള കാര്യങ്ങൾ പുറത്തുവരേണ്ടതുണ്ട്. കളക്ടറും ദേവസ്വം ബോർഡ് പ്രസിഡന്റുംകൂടി നടത്തിയ ചർച്ചയിൽ വെടിക്കെട്ട് രാവിലെ നടത്താൻ തീരുമാനിച്ചതിനുശേഷം മാറ്റം വരുത്തിയതിന് പിന്നിലും ബാഹ്യ ഇടപെടലുകളുണ്ടോയെന്ന് അന്വേഷിക്കേണ്ടതുണ്ട്. പൂരം കലക്കുന്നതിനുള്ള

ഗൂഢാലോചനയുടെ പിന്നിൽ അണിനിരന്നതാരൊക്കെയെന്നത് പൊതുജനങ്ങളുടെ മുന്നിൽ കൊണ്ടുവരുന്നതിനാണ് ത്രിതല അന്വേഷണം പ്രഖ്യാപിച്ചത്. പൂരം കലക്കാൻ ബോധപൂർവമായ ശ്രമമുണ്ടായിട്ടുണ്ട്.

ശ്രീ. വി. എൻ. വാസവൻ: മികച്ച വികസന-ക്ഷേമപ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ ആക്ഷേപിക്കുന്ന നിലപാടാണ് പ്രതിപക്ഷം സ്വീകരിക്കുന്നത്. കേരളത്തിലെ മതനിരപേക്ഷതയും ജനാധിപത്യവും സംരക്ഷിക്കുന്നതിനും സർക്കാരിന്റെ പ്രഖ്യാപിത നയവും പ്രകടനപത്രികയിലെ വാഗ്ദാനങ്ങളും നടപ്പിലാക്കുന്നതിനും പ്രതിജ്ഞാബദ്ധമായ പ്രവർത്തനങ്ങളുമായി സർക്കാർ മുന്നോട്ടുപോകും. തൃശ്ശൂർ പൂരം അലങ്കോലപ്പെട്ടതുമായി ബന്ധപ്പെട്ട് സമഗ്ര അന്വേഷണം നടത്തി കുറ്റവാളികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരും.

(പ്രതിപക്ഷനേതാവിന് പ്രസംഗിക്കാൻ അവസരം നൽകാത്തതിൽ പ്രതിഷേധിച്ച് പ്രതിപക്ഷം ഒന്നടങ്കം തുടർന്നുള്ള സഭാനടപടികൾ ബഹിഷ്കരിച്ചു.)

ഉപക്ഷേപം സഭ നിരാകരിച്ചു.

## VI ഉപക്ഷേപം

### ചട്ടം സസ്പെൻഡ് ചെയ്യുന്നത് സംബന്ധിച്ച്

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): "ഇന്ന് സഭ മുമ്പാകെ അവതരിപ്പിക്കുന്ന 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണത്തിനുശേഷം ഇന്നുതന്നെ പരിഗണനയ്ക്കെടുക്കുന്നതിലേയ്ക്കായി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 76 (1)-ലെ വ്യവസ്ഥകൾ താൽക്കാലികമായി സസ്പെൻഡ് ചെയ്യുന്നതിന് ഈ സഭ തീരുമാനിക്കുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ഉപക്ഷേപം സഭ അംഗീകരിച്ചു.

**നിയമനിർമ്മാണ കാര്യം-തുടർച്ച**

### (ii) 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളും

ശ്രീ. പി. രാജീവ്: 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. പി. രാജീവ്: 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

3-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## മൂന്നാം വകുപ്പ്

4, 5 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

മൂന്നാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>പട്ടിക</u>

(ഭേദഗതികളില്ല )

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

പട്ടിക ബില്ലിന്റെ ഭാഗമായി.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (<u>ശ്രീ. പി. രാജീവ്</u>): 2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസാക്കണമെന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

2024-ലെ കേരള റദ്ദാക്കലും ഒഴിവാക്കലും ബിൽ പാസാക്കണമെന്ന ഉപക്ഷേപം സഭ അംഗീകരിച്ചു.

ബിൽ സഭ പാസാക്കി.

(സഭ ഉച്ചയ്ക്കുശേഷം 2.58-ന് പിരിഞ്ഞു.)

------------------